# കുട്ടികളുടെ പാർക്കിൽ ഗാന്ധിയെ മാറ്റി തോക്ക്

ഹരിത

കുട്ടികളുടെ പാർക്കിൽ നാം പല പ്രതിമകളും സ്ഥാപിച്ചു കൊടുക്കാറുണ്ട്. പ്രതിമകൾ പലപ്പോഴും പ്രതീകങ്ങൾ കൂടിയാണല്ലോ. ഗാന്ധിജിയുടെ പ്രതിമയാണ് സ്ഥാപിക്കുന്നതെങ്കിൽ നാം ഉയർത്തിപ്പിടിക്കുന്നത് ഗാന്ധി പ്രതിനിധാനം ചെയ്യുന്ന മൂല്യങ്ങളെയാണ്. തൃശ്ശൂർ കളക്ടറേറ്റിനു സമീപം പുതുക്കി പണിത ചിൽഡ്രൻസ് പാർക്കിന്റെ കവാടത്തിൽ സ്ഥാപിക്കാൻ പോകുന്ന പ്രതിമ എന്താണെന്നോ? തോക്ക് അതെ, രണ്ടു ലക്ഷത്തിൽപരം രൂപ ചെലവഴിച്ച് പിച്ചള കൊണ്ട് തീർത്ത തലയിൽ തൊപ്പിയും ധരിച്ച മനോഹരമായ തിളങ്ങുന്ന തോക്ക്. കുട്ടികൾക്ക് മുതിർന്നവർ സമ്മാനിക്കേണ്ട ഏറ്റവും ഉചിതമായ ഉപഹാരം!

വിമുക്തഭടന്മാരുടെ സംഘടനയായ എക്സ് സർവ്വീസ് ലീഗാണ് അവരുടെ എംബ്ലമായ ഈ പ്രതിമ സ്പോൺസർ ചെയ്തിരിക്കുന്നത്. പ്രതിമയുടെ നിർമ്മാണമേറ്റെടുത്ത് ഭംഗിയായി പൂർത്തികരിച്ചത് നിർമിതി കേന്ദ്രവും. ഒന്നാംലോകമഹായുദ്ധം മുതൽ കാർഗിൽ യുദ്ധം വരെ രാജ്യത്തിനുവേണ്ടി പോരാടി മരിച്ച ഭടന്മാരുടെ വീരസ്മരണയ്ക്കു മുന്നിലാണത്രെ 'യുദ്ധസ്മരണ' എന്ന പേരിട്ടിരിക്കുന്ന ഈ പ്രതിമ അവർ സമർപ്പിക്കുന്നത്. കുറേക്കാലമായി അനുയോജ്യമായ സ്ഥലത്തിനുവേണ്ടി അവർ അന്വേഷണം നടത്തുന്നു. അതിനിടയിലാണ് എം.പി.യായ എ.സി. ജോസിന്റെ ഫണ്ടിൽ നിന്ന് 10 ലക്ഷം രൂപ പാർക്കിന്റെ വികസനത്തിന് അനുവദിച്ചതും വികസനപ്രവർത്തനങ്ങൾ ആരംഭിച്ചതും കവാടത്തിൽ അപ്പോൾ ഉദ്ദേശിക്കപ്പെട്ടിരുന്നത് ഗാന്ധിപ്രതിമയായിരുന്നു. എന്നാൽ സംഘടനയുടെ ഊർജ്ജസ്വലമായ പ്രവർത്തനത്തിലൂടെ ആ 'തെറ്റ്' തിരുത്താനും 'തോക്ക്' സ്ഥാപിക്കാനുമുള്ള തീരുമാനം എടുപ്പിക്കാനും കഴിഞ്ഞു. തൃശ്ശൂർ എം.എൽ.എ തേറമ്പിൽ രാമകൃഷ്ണന്റെ ഇടപെടൽ ഇതിന് സഹായകരമായി എന്നറിയുന്നു. ഗാന്ധിയാണെങ്കിലും തോക്കാണെങ്കിലും രാജ്യസ്നേഹത്തിന്റെ പ്രതീകമല്ലേ എന്നാണ് സംഘടനയുടെ ചോദ്യം? ഗാന്ധിയെ വെടിവെച്ചിട്ടതും തോക്കായിരുന്നു എന്നത് നമുക്ക് തൽക്കാലം മറക്കാം.

"തോക്ക് ആക്രമണത്തിന്റെ, യുദ്ധത്തിന്റെ പ്രതീകമാണ്. യുദ്ധം മറ്റൊരുമാർഗ്ഗമില്ലെങ്കിൽ മാത്രം നടത്തേണ്ട ഒന്നാണ്. വയറ്റിപിഴപ്പിനാണ് നാം പട്ടാളത്തിൽ ചേരുന്നത്. വിമുക്ത ഭടന്മാർ അതിൽ നിന്ന് വിമുക്തി നേടിയവരല്ലേ? അവർ സ്പോൺസർ ചെയ്യേണ്ടത് തോക്കല്ല, പൂക്കളാണ്." പ്രശസ്തകവി കുഞ്ഞുണ്ണിമാഷ് പറയുന്നു. ലോകം മുഴുവൻ ഒന്നാകുകയും തോക്കുകൾ ഇല്ലാതാക്കുകയും ചെയ്യുന്ന ഒരു കാലമാണ് നാം കുഞ്ഞുങ്ങളുടെ സ്വപ്നങ്ങളിലേക്ക് എറിഞ്ഞു കൊടുക്കേണ്ടത്. അതിനാൽ

(ശേഷം5ാം പേജിൽ)

# ഗാന്ധിയെ മാറ്റി തോക്ക്

(ഒന്നാം പേജ് തുടർച്ച)

'തോക്ക്' സ്ഥാപിക്കാനുള്ള തീരുമാനം ഉപേക്ഷിച്ച് ഗാന്ധിപ്രതിമ തന്നെ സ്ഥാപിക്കണമെന്ന് കുഞ്ഞുണ്ണിമാഷ് ആവശ്യപ്പെട്ടു.

"ശില്പകലയുടെ ചരിത്രം പരിശോധിച്ചാൽ യുദ്ധത്തെയും അക്രമത്തേയും ഉദാത്തവൽക്കരിക്കുന്ന ശില്പങ്ങൾ ഒരിക്കലും ആരാധിക്കപ്പെട്ടിട്ടില്ല എന്നുകാണാം. ഒരു യഥാർത്ഥ ശില്പിക്കും കുട്ടികൾക്കു മുമ്പിൽ ഇത്തരമൊരു പ്രതിമ സമ്മാനിക്കാൻ കഴിയില്ല" യുവകലാകാരന്മാരായ പ്രേംജിയും ആന്റോയും പറയുന്നു.

പാർക്കിന്റെ ഉദ്ഘാടനവും ശില്പത്തിന്റെ സമർപ്പണവും വളരെ ആഘോഷകരമായി പെട്ടെന്നു തന്നെ നടക്കുമെന്നറിയുന്നു. ഇന്ത്യൻ രാഷ്ട്രപതിയായി അബ്ദുൾ കലാം സ്ഥാനമേറ്റെടുക്കുന്നതോടൊപ്പം ഇതുണ്ടായേക്കും.

ഈ രണ്ടു സംഭവങ്ങളും വാസ്തവത്തിൽ ഒന്നു തന്നെയാണല്ലോ. കലാമിനെതിരെ പ്രതിപക്ഷം മത്സരിപ്പിച്ചത് "ക്യാപ്റ്റൻ ലക്ഷ്മി"യെയായിരുന്നു എന്നതു കൂടി കൂട്ടിവായിക്കുമ്പോൾ ചിത്രം പൂർത്തിയാകുന്നു. കുട്ടികൾക്ക് കൊടുക്കാൻ ഈ പ്രതിമയല്ലാതെ നമ്മുടെ കൈയ്യിൽ മറ്റെന്തുണ്ടാവാൻ?